
ബുക്ടോക് ●

കെ. അശ്റഫ്

# ഒരു യൂറോപ്യൻ മുസ്‌ലിമിന്റെ (വിശ്വാസ) പരീക്ഷണങ്ങൾ

**യൂറോപ്പിലെ** വിവാദ ബുദ്ധി ജീവികളിലൊരാളാണ് താരീഖ് റദമാൻ. ആയിരക്കണക്കിന് ലേഖനങ്ങൾ, അഭിമുഖങ്ങൾ, പത്തോളം പുസ്തകങ്ങൾ എന്നിവയിലൂടെ താരീഖ് മുന്നോട്ടുവെക്കുന്ന നിലപാടുകൾ നിരവധി തെറ്റിദ്ധാരണകൾക്ക് വഴിവെച്ചിട്ടുണ്ട്. ഈയടുത്ത് വിപണിയിലിറങ്ങിയ ക്രിസ്റ്റഫർ കാഡ്‌വലിന്റെ Reflections on the Revolution in Europe (2009) എന്ന പുസ്തകത്തിൽ യൂറോപ്പിലേക്കുള്ള മുസ്‌ലിം കുടിയേറ്റം, പൗരത്വത്തിന്റെ പ്രശ്നങ്ങൾ, മുസ്‌ലിം സാന്നിധ്യത്തിന്റെ പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്ന കൂട്ടത്തിൽ താരീഖ് റമദാനെ 'ഇരട്ടത്താപ്പുകളുടെ ആചാര്യൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്.




അതോടൊപ്പം അൽഖാഇദ ബന്ധമുള്ള ഫലസ്തീൻ പോരാളി സംഘടനക്ക് സഹായ നൽകിയതിന്റെ പേരിൽ യു.എസ്.എ വിസ നിഷേധിച്ചതും ജനീവയിൽ സിവിൽ നിയമത്തിനെതിരെ ശബ്ദുമുയർത്തിയ സഹോദരൻ ഹാനി റമദാന്റെ നിലപാടുകളും റമദാനെ പ്രതികൂട്ടിൽ നിർത്തുകയുണ്ടായി. റമദാന്റെ നിലപാടുകൾ, സെക്യുലറിസ്റ്റുകൾ, ഫെമിനിസ്റ്റുകൾ, സലഫികൾ, വലതുപക്ഷക്കാർ തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങളെ ഒരുപോലെ ചൊടിപ്പിച്ചു. അവർ ബോധപൂർവം റമദാനെ കുറിച്ച് പല തെറ്റിദ്ധാരണകളും പരത്തി.

ഇത്തരം പ്രശ്നങ്ങളാണ് ഓക്സ്ഫോഡ് യൂനിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച What I believe (148 Page) എന്ന തന്റെ പുതിയ പുസ്തകത്തിലൂടെ തന്റെ

നിലപാടുകൾ തുറന്ന് പ്രഖ്യാപിക്കാൻ റമദാനെ പ്രേരിപ്പിക്കുന്നത്. ആറുവർഷത്തെ വിലക്കിന് ശേഷം, യു.എസ്.എയിലേക്ക് റമദാന് പുനഃപ്രവേശം ലഭിക്കുന്ന സന്ദർഭത്തിൽ തന്നെയാണ് പുസ്തകവും പുറത്ത് വരുന്നത്.

'80–കൾ മുതലാണ് റമദാൻ ഗൗരവമായി സാമൂഹിക ജീവിതത്തിൽ ഇടപെടുന്നത്. ജനീവയിൽ സ്കൂൾ ടീച്ചറായിരുന്ന കാലത്ത് നഗരത്തിലെ മികച്ച സന്നദ്ധ സേവകനും വിദ്യാർഥികളുടെ പ്രിയപ്പെട്ട അധ്യാപകനുമായിരുന്നു റമദാൻ. അക്കാലത്ത് സ്വകാര്യ ജീവിതത്തിൽ പൂർണമായും മതപരത കാത്തുസൂക്ഷിച്ച റമദാൻ, പൊതു ജീവിതത്തിൽ തികഞ്ഞ സെക്യുലറിസ്റ്റായിരുന്നു. അതായത്, മതത്തെ ഊന്നിപ്പറയാത്ത കേവല സാമൂഹിക പ്രവർത്തകൻ. 1990ൽ ജനീവ നഗരത്തിലെ മാൻ ഓഫ് ദ ഇയർ ആയും റമദാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങനെ ജനീവ നഗരത്തിന്റെ വത്സലപുത്രനായി ജീവിച്ച റമദാനെ '80–കളുടെ സവിശേഷ സാമൂഹിക സാഹചര്യങ്ങളാണ് പൊതു ജീവിതത്തിൽ ഇടപെടുന്ന മതത്തെ കുറിച്ചും അതിന്റെ സാമൂഹിക ഭാവനകളെ കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. ഇറാൻ വിപ്ലവം, റുഷ്ദി പ്രശ്നം തുടങ്ങിയ വിഷയങ്ങൾ പാശ്ചാത്യ മാധ്യമങ്ങളിൽ ചർച്ചയാവുകയും യൂറോപ്പിൽ ജീവിക്കുന്ന മുസ്‌ലിംകൾ ഇത്തരം പ്രശ്നങ്ങളോട് പ്രതികരിക്കേണ്ട നിർബന്ധിതാവസ്ഥ ഉടലെടുക്കുകയും ചെയ്തു. ഇങ്ങനെയാണ് റമദാൻ യൂറോപ്പിലെ പൊതു മണ്ഡലത്തിൽ ഇസ്‌ലാമിനെ കുറിച്ച് ചിന്തിക്കാനാരംഭിക്കുന്നത്. ഈ മാറ്റത്തെ കുറിച്ച് പുസ്തകത്തിന്റെ തുടക്കത്തിൽ റമദാൻ വിസ്തരിച്ച് സംസാരിക്കുന്നുണ്ട്.

ആദ്യകാലത്ത് സോക്രട്ടീസ് മുതൽ കാൾ മാർക്സ് വരെയുള്ള എഴുത്തുകാർ റമദാന്റെ താൽപര്യങ്ങളിൽ പെട്ടതായിരുന്നു. ഫ്രെഡ്രിക് നീച്ചെയെ കുറിച്ചായിരുന്നു റമദാന്റെ ഗവേഷണ പ്രബന്ധം.

ഗവേഷണത്തിനു ശേഷം റമദാൻ ഈജിപ്തിലേക്ക് പോവുകയും പരമ്പരാഗത ഇസ്‌ലാമിക സ്കൂളിൽ ചേരുകയും ചെയ്തു. തുടർന്ന് ഇസ്‌ലാമിക സ്വഭാവത്തിലുള്ള ഒരു പണ്ഡിതനായാണ് (ആലിം) റമദാൻ തിരിച്ചു വരുന്നത്. ഇങ്ങനെയാണ് യൂറോപ്പിലും ഇസ്‌ലാമിനുമിടയിലെ പാലമെന്ന മധ്യവർത്തി റോളിലേക്ക് റമദാൻ കടക്കുന്നത്. ഇതിന്റെ ഭാഗമായി റമദാൻ രണ്ട് പ്രധാന കാര്യപരിപാടികൾ തുടങ്ങിവെച്ചു.

ഒന്ന്, യൂറോപ്യൻ ഇസ്‌ലാമിനുവേണ്ടി അവിടത്തെ മുസ്‌ലിം സമുദായത്തോട് ഇസ്‌ലാമിക ജ്ഞാനത്തിലൂന്നി സംസാരിക്കുക. രണ്ട്, യൂറോപ്പിനെ കുറിച്ചും അതിന്റെ ചരിത്രപരവും സാംസ്കാരികവുമായ ഈടുവെപ്പുകളെ കുറിച്ചും സംസാരിക്കുകയും നിലവിലുള്ള മുസ്‌ലിം സാന്നിധ്യത്തെ മനസ്സിലാക്കാൻ കഴിയാത്ത യൂറോപ്പിന്റെ മനോഘടനയെ സംവാദത്തിന്റെ ശൈലിയിൽ തിരുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുക.

യൂറോപ്പിനകത്ത് ഇസ്‌ലാം, ക്രിസ്തുമതം, ജൂതമതം ഇവയൊക്കെ പങ്കിടുന്ന പൊതുവേദികളെ കുറിച്ചും യുക്തിവാദികൾ, അജ്ഞേയ വാദികൾ പോലുള്ളവരോടു സംവദിക്കാൻ ശേഷിയുള്ള മതത്തെ കുറിച്ചുമാണ് റമദാൻ സംസാരിച്ചു തുടങ്ങുന്നത്. ഇതൊരു പുതിയ തുടക്കമായിരുന്നു. ഈ പദ്ധതിയാണ് റമദാൻ എഴുതിയ പുസ്തകങ്ങളും ലേഖനങ്ങളും മുന്നോട്ടു വെക്കുന്നത്. ചാൾസ് ടെയ്‌ലർ, താരീഖ് മൊദൂദ് എന്നിവരെ പോലെയുള്ള നിരവധിയാളുകളാണ് തനിക്ക് സൈദ്ധാന്തിക പിൻബലം നൽകിയതെന്ന് റമദാൻ പറയുന്നു.

സാംസ്കാരിക, മത ബഹുസ്വരതയിലൂന്നിയ പൗരത്വമെന്നത് യൂറോപ്പിന്റെ തന്നെ വർത്തമാനമാണ്. ഈ യാഥാർഥ്യത്തെ അംഗീകരിക്കണമെന്നാണ് ഒരു മധ്യവർത്തിയുടെ സ്ഥാനത്തിരുന്ന് റമദാൻ ആവശ്യപ്പെടുന്നത്: "മധ്യസ്ഥനൊരു പാലമാണ്. പാലമൊരിക്കലും ഒരു വശത്തേക്ക് മാത്രം ഉണ്ടാവില്ല. മധ്യസ്ഥനെ ഇരുവശത്തുള്ളവരും മറ്റേ വശത്തോട് ചായ്‌വുള്ളവനായി മനസ്സിലാക്കുന്നു. മുസ്‌ലിംകൾ എന്നെ 'കുറച്ചധികം പാശ്ചാത്യനായി' മനസ്സിലാക്കുന്നു. പാശ്ചാത്യർക്ക് ഞാൻ 'കുറച്ചധികം മുസ്‌ലിം' ചായ്‌വുള്ളവനാണ്. അതുകൊണ്ടുതന്നെ ഒരു മധ്യസ്ഥൻ എപ്പോഴും ഇരുവശത്തേക്കുമുള്ള തന്റെ കൂറിനെ നിരന്തരം തെളിയിച്ചു കൊണ്ടേയിരിക്കണം........ അങ്ങനെ നിങ്ങൾ ഇരുവശത്തും ശത്രുക്കളെ ഉണ്ടാക്കുന്നു. ഇരുവിഭാഗങ്ങളും നിങ്ങളെ വേട്ടയാടുന്നു. ഇരട്ട നിലപാടുകളുള്ളവനായി ചിത്രീകരിക്കുന്നു."

ഇങ്ങനെയുള്ള ജീവിതത്തിനും രാഷ്ട്രീയ നിലപാടുകൾക്കും റമദാൻ നൽകിയ വില കനത്ത

തായിരുന്നു. ഈജിപ്ത്, ടുണീഷ്യ, ബെൽജിയം, സുഊദി അറേബ്യ, സിറിയ, അൾജീരിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ പ്രവേശിക്കുന്നതിന് റമദാന് വിലക്കുണ്ട്. ഫ്രാൻസാകട്ടെ ആറുമാസത്തിന് റമദാന് പ്രവേശനം നിഷേധിക്കുകയുണ്ടായി; പ്രസിഡന്റ് സർകോസി നേരിട്ട് തന്നെ റമദാനെ ശാസിക്കുകയുമുണ്ടായി. ആറുവർഷത്തോളം യു.എസ്.എ വിസ നിഷേധിച്ചു. ഇങ്ങനെയാണ് റമദാൻ എന്ന 'വിവാദ ബുദ്ധിജീവി' നിർമിക്കപ്പെടുന്നത്.

പൊതുജീവിതത്തിൽ സെക്യുലറായ കേവല സാമൂഹിക പ്രവർത്തകനിൽനിന്ന് പൊതുമണ്ഡലത്തെ അപഗ്രഥിക്കുന്ന 'മുസ്‌ലിം' ബുദ്ധിജീവിയിലേക്കുള്ള പരിണാമമാണ് മുഴുവൻ വിവാദങ്ങളുടെയും മൂലകാരണമെന്ന് റമദാൻ വാദിക്കുന്നു. ഇത് യൂറോപ്പിന്റെ തന്നെ പ്രത്യേകതയാണ്. മുസ്‌ലിം എന്നത് യൂറോപ്പിന് ഇനിയും സ്വാംശീകരിക്കാൻ കഴിയാത്ത ഒരു മൂല്യവ്യവസ്ഥയെയാണ് പ്രതിനിധീകരിക്കുന്നത്. ഇതിനു ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ നിരവധി കാരണങ്ങളുണ്ട്. മതത്തെ കുറിച്ചുള്ള യൂറോപ്പിന്റെ മുൻധാരണകൾ, കുരിശുയുദ്ധം, കൊളോണിയലിസം തുടങ്ങിയ പ്രിസങ്ങളിലൂടെ രൂപപ്പെട്ട മുസ്‌ലിമിനെകുറിച്ചുള്ള വാർപ്പു മാതൃകകളും ഇന്നും യൂറോപ്പിന്റെ വർത്തമാനത്തിൽ പ്രതിഫലിക്കുന്നു. അതിനാൽ, യൂറോപ്പിലേക്കുള്ള മുസ്‌ലിം കുടിയേറ്റത്തിന്റെ വർത്തമാനത്തിലും യൂറോപ്പിന് മുസ്‌ലിമിനെ 'അപരനായി' മാത്രമേ കാണാൻ കഴിയുന്നുള്ളൂ. അതുകൊണ്ടു തന്നെയാണ് പൊതു ജീവിതത്തിൽ മുസ്‌ലിമിനെ നിരീക്ഷിക്കുമ്പോൾ യൂറോപ്പിന്റെ ലിബറൽ സഹിഷ്ണുത പെട്ടെന്ന് കൈമോശം വന്നുപോകുന്നത്, ഹെഡ്സ്കാർഫിട്ട മുസ്‌ലിമിനെ ഫ്രാൻസിലെ സെക്യുലറിസ്റ്റിന് സഹിക്കാൻ കഴിയാതെ വരുന്നത്.

ഇങ്ങനെതന്നെയാണ് താരീഖ് റമദാൻ പെട്ടെന്നൊരു ദിവസം മുസ്‌ലിം ബ്രദർഹുഡിന്റെ സ്ഥാപകൻ ഹസനുൽ ബന്നയുടെ മകളുടെ പുത്രനും ആട്ടിൻ തോലിട്ട ചെന്നായയുമാകുന്നതും. മാത്രമല്ല, റമദാന്റെ പൊതുജീവിതത്തിലെ പുതിയ മുദ്രാവാക്യങ്ങൾ ശത്രുരാജ്യത്ത് അകപ്പെട്ട തീവ്ര ഇസ്‌ലാമിസ്റ്റിന്റെ അടവുനയമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു.

ഇത്തരം പ്രശ്നങ്ങൾ റമദാന്റെ കാര്യത്തിൽ ആരംഭിക്കുന്നത് 9/11ന് ശേഷമല്ല എന്നത് ശ്രദ്ധേയമാണ്. 9/11ന് ശേഷം ശക്തി പ്രാപിച്ച ഇസ്‌ലാമോഫോബിയയുടെ ഘടകങ്ങൾ അതിനു മുമ്പെ തന്നെ യൂറോപ്പിൽ റമദാൻ കണ്ടെത്തുന്നുണ്ട്. കുടിയേറ്റക്കാരായ മുസ്‌ലിംകളുടെ സാംസ്കാരികവും മതപരവും രാഷ്ട്രീയപരവുമായ പൗരത്വത്തിന്റെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തലവേദനകൾ റമദാൻ മുൻകൂട്ടി തന്നെ കാണുന്നുണ്ട്. 1992ൽ പുറത്തിറക്കിയ Islam and secular state മുതൽക്കുള്ള പുസ്തകങ്ങൾ മുസ്‌ലിമിന്റെ യൂറോപ്യൻ സാന്നിധ്യത്തിന്റെ പ്രശ്നങ്ങളെ നിരന്തരം അഭിസംബോധനം ചെയ്യുന്നതായിരുന്നു.

പുതിയ പുസ്തകത്തിന്റെ അവസാന ഭാഗത്ത് റമദാൻ തന്റെ വിമർശകരെ പ്രത്യേകം പരിഗണിക്കുന്നുണ്ട്. വരട്ടുവാദികളായ സെക്യുലറിസ്റ്റുകൾ മുതൽ തീവ്ര സലഫികൾ വരെ അക്കൂട്ടത്തിലുണ്ട്. റമദാന്റെ അഭിപ്രായത്തിൽ, ഫ്രാൻസിലെ മതനിരപേക്ഷ സെക്യുലറിസത്തിന്റെ 'മതം' പുറത്തുവരുന്നത് ഹെഡ്സ്കാർഫ് വിവാദ കാലത്താണ്. ഇതിനോട് റമദാൻ പ്രതികരിക്കുന്നത് പുതിയൊരു ഭാഷയിലൂടെയാണ്: "ഒരു പെണ്ണിനെ ഹിജാബ് ധരിക്കാൻ നിർബന്ധിക്കുന്നത് ഇസ്‌ലാമിക വിരുദ്ധമാണ്. എന്നാൽ സ്ത്രീകളെ ഹിജാബ് ധരിക്കുന്നതിൽ നിന്ന് തടയുന്നത് മനുഷ്യാവകാശ ലംഘനമാണ്."

ഫെമിനിസ്റ്റുകളോടുള്ള സമീപനവും റമദാൻ വ്യക്തമാക്കുന്നുണ്ട്. ഇസ്‌ലാമിസ്റ്റുകൾ ആൺകോയ്മാ മൂല്യങ്ങളുടെ പ്രചാരകരാണെന്നും ഹെഡ്സ്കാർഫ് തന്നെ അത്തരത്തിലുള്ളതാണെന്നും ചില പാശ്ചാത്യ ഫെമിനിസ്റ്റുകൾ പറയുന്നുണ്ട്. ഈ വാദഗതി ചരിത്രപരമായി പരിശോധിക്കുന്ന റമദാൻ, ഇതിൽ രണ്ടുതരം പ്രശ്നങ്ങൾ കാണുന്നു. ഒന്ന്, സ്ത്രീ ലൈംഗികതക്ക് നിരവധി വിലക്കുകൾ കൽപിച്ചിരുന്ന വിക്ടോറിയൻ കാലഘട്ടത്തിൽ, പടിഞ്ഞാറിന് മുസ്‌ലിംകൾ അയഞ്ഞ ലൈംഗികതയുടെ വക്താക്കളായിരുന്നു. അറബിക്കഥയിലെ ലൈംഗിക വർണനകൾ പടിഞ്ഞാറിനെ തങ്ങളുടെ ലൈംഗിക ജീവിതത്തെ കുറിച്ചുതന്നെ പുതിയ ജാഗ്രതകൾ നൽകാൻ സഹായിച്ചിരുന്നു. പക്ഷേ, ഇന്ന് ലൈംഗിക സ്വാതന്ത്ര്യത്തിന്റെ കാലഘട്ടത്തിൽ ലിബറൽ ഫെമിനിസ്റ്റുകൾക്ക് ഇസ്‌ലാം ലൈംഗിക ദാരിദ്ര്യത്തിന്റെ പ്രതീകമാണ്. ഹെഡ്സ്കാർഫിലൂടെയും ഇസ്‌ലാമിക വസ്ത്രധാരണ രീതികളിലൂടെയും ലൈംഗികതയെ ഇസ്‌ലാമിസ്റ്റുകൾ മൂടുപടമണിയിക്കുകയാണെന്നാണ് അവർ വാദിക്കുന്നത്. ഈ രണ്ട് ചരിത്ര സന്ദർഭങ്ങളെയും അപഗ്രഥിക്കുമ്പോൾ നമുക്ക് മനസ്സിലാ

വുന്നത് അന്നും ഇന്നും യൂറോപ്പിനെ നിർണയിക്കുകയും നിർവചിക്കുകയും ചെയ്യുന്ന 'അപര'മായാണ് മുസ്‌ലിം നിലനിൽക്കുന്നതെന്നാണ്. ഇങ്ങനെ പടിഞ്ഞാറിനെ നിരന്തരം അധീശ സ്ഥാനത്ത് നിലനിർത്തുക എന്നതാണ് പാശ്ചാത്യ ഫെമിനിസത്തിന്റെ മുസ്‌ലിം വായനകൾ സാധ്യമാക്കുന്നത്. ഇതിൽനിന്നു വിപരീതമായി റമദാൻ അനുകൂലിക്കുന്നത് ഇസ്‌ലാമിന്റെ അക്ഷരവായനകൾക്കെതിരായും സാംസ്‌കാരിക സങ്കുചിതത്വത്തിനെതിരായും മുസ്‌ലിം സ്ത്രീകൾ തന്നെ സാധ്യമാക്കുന്ന ഇസ്‌ലാമിക ഫെമിനിസത്തെയാണ്.

അക്ഷര വായനക്കാരായ സലഫി ഗ്രൂപ്പുകൾ, കേവല പാരമ്പര്യവാദികൾ എന്നിവരുടെ ഇസ്‌ലാം വായനയെയും റമദാൻ പരിശോധിക്കുന്നുണ്ട്. സലഫി ഗ്രൂപ്പുകൾ യൂറോപ്പിൽ മുസ്‌ലിമിന്റെ രാഷ്ട്രീയ പങ്കാളിത്തത്തെ നിഷേധിക്കുന്നു. അങ്ങനെ കടുത്ത ദൈവശാസ്ത്ര വ്യവഹാരങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ ഉന്നയിക്കുന്നു. റമദാൻ സലഫികളുടെ മതപരതയെ ബഹുമാനിക്കുമ്പോൾ തന്നെ, അവർ പുലർത്തുന്ന രാഷ്ട്രീയ നിഷ്കളങ്കത അപകടകരമാണെന്ന് ഓർമിപ്പിക്കുന്നു.

സാംസ്‌കാരിക മുസ്‌ലിംകൾ, എക്സ് മുസ്‌ലിംകൾ എന്ന് സ്വയം വിശേഷിപ്പിച്ചു രംഗത്തെത്തിയിട്ടുള്ള മറ്റൊരു കൂട്ടരെ കുറിച്ചും റമദാൻ പറയുന്നുണ്ട്. അവർക്ക് ഇസ്‌ലാമുമായി ഉണ്ടായിരുന്ന ബന്ധം തന്നെയാണ് അവരെ പാശ്ചാത്യ വായനക്കാർക്കിടയിൽ വിശ്വാസ്യത കൈവരിക്കാൻ സഹായിക്കുന്നത്. മുസ്‌ലിം സമുദായത്തിനകത്ത് അവർക്ക് ധാരാളം കയ്പ്പുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് ശരിയാണ്. അങ്ങനെയാണവർ പാശ്ചാത്യ പ്രേക്ഷകർക്ക് മുന്നിൽ മുസ്‌ലിം സമുദായത്തെ കുറിച്ചുള്ള ദൃക്സാക്ഷി വിവരണങ്ങൾ നൽകുന്നത്. അവരുടെ വിവരണങ്ങൾ ന്യായമാണെന്ന് കരുതുന്നതോടൊപ്പം തന്നെ ഇത്തരം ഇൻസൈഡർ (insider) വ്യവഹാരങ്ങൾ ഇസ്‌ലാമെന്ന അപകടത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകാനാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളതെന്നും റമദാൻ തിരിച്ചറിയുന്നു. ഹമീദ് ദബാശി *നേറ്റീവ് ഇൻഫോർമേസ്* (native informers) എന്നു വിളിക്കുന്നത് ഇത്തരക്കാരെയാണ്. ഫാത്തിമാ കശാവസ് *നിയോ ഓറിയന്റലിസ്റ്റ്* (neo orientalist) വായനകൾ എന്നു വിളിക്കുന്നതും ഇത്തരം വ്യവഹാരങ്ങളെ തന്നെ.

മിതവാദി മുസ്‌ലിംകൾ, എക്സ് മുസ്‌ലിംകൾ എന്നീ പേരുകൾ നൽകി പാശ്ചാത്യ മീഡിയ ഇവരെ വാഴ്ത്തുന്നതായും അങ്ങനെയവർക്ക് പേരും പ്രശസ്തിയും സാമ്പത്തിക അഭിവൃദ്ധിയും ഉണ്ടാകുന്നതായും റമദാൻ ചൂണ്ടികാണിക്കുന്നു. ഇതിലൂടെ ഇയാൻ ഹിർസി അലി, വഫാ സുൽത്താൻ, എഡ് ഹുസൈൻ, അസർ നഫീസി, ഇർഷാദ് മഞ്ജി പോലെയുള്ള നേറ്റീവ് ഇൻഫോർമേസിനെ കുറിച്ചുള്ള പരോക്ഷ സൂചനയാണ് റമദാൻ നൽകുന്നത്.

പുസ്തകത്തിന്റെ അവസാനഭാഗത്ത് 'എന്നെ നിങ്ങൾ ഇനി എവിടെ സ്ഥാനപ്പെടുത്തുമെന്ന്' റമദാൻ ചോദിക്കുന്നുണ്ട്. 'ഇസ്‌ലാമിനെ കുറിച്ച് മാത്രം സംസാരിക്കുന്ന ബുദ്ധിജീവിയായിട്ടോ അതോ പടിഞ്ഞാറിനോട് അനുഭാവം പുലർത്തുന്ന പാശ്ചാത്യ ബുദ്ധിജീവിയായിട്ടോ?'

ഇങ്ങനെ ഒരു യൂറോപ്യൻ മുസ്‌ലിമിന്റെ സന്ദേഹങ്ങളും സന്ദിഗ്ധതകളുമാണ് പുസ്തകത്തിന്റെ കാതൽ. ■